# വെള്ളം വിറ്റ കഥ

സഞ്ജയൻ



വെള്ളം വിറ്റ കഥ
സഞ്ജയൻ
(മലയാളം: ലേഖനം)

© 2021, Sanjayan.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: A Woman engaged at the Supper-table, a painting by Gerrit Dou (1613–1675). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വെള്ളം വിറ്റ കഥ

മഹാത്മാഗാന്ധി കോൺഗ്രസ്സ വിട്ടൊഴിയുമ്പോൾ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിന്റെ ഒരു കോപ്പി ആരെങ്കിലും സഞ്ജയന്ന് ദയചെയ്ത് അയച്ചുതരുമോ? അത്തരത്തിലൊരു വിജ്ഞാപനമെഴുതി പത്രാധിപരുടെ കയ്യിൽ കൊടുത്ത് സഞ്ജയൻ പത്രികയിൽനിന്ന് വിട്ടൊഴിയുവാൻ പോകുന്നു. “ഇങ്ങനെ പരിഭവിച്ചാലോ?” എന്നു നിങ്ങൾ ചോദിക്കുന്നു. നോക്കിൻ, സർ, എന്ത് അപമാനിക്കലാണിത്! എന്റെ പാനയുടെ ബാക്കി ഭാഗം—പകുതി—ഉപേക്ഷിക്കേണ്ടിവന്നതിൽ “നിർവ്യാജം വ്യസനിക്കുന്നു” പോലും. ചെയ്യേണ്ടതു് ചെയ്തിട്ട് “നിർവ്യാജം വ്യസനിക്കുന്നു” എന്നെഴുതി മാറിക്കളയുന്നതു നല്ല മര്യാദയല്ലേ? പത്രാധിപന്മാരുടെ “വ്യസന”ത്തിന്റെ രഹസ്യം നമ്മളൊക്കെ അറിയുന്നതല്ലേ?

* * *

വൃത്തമൊപ്പിച്ച്, പ്രാസംവെച്ച്, അലങ്കാരങ്ങളുടെ കാര്യത്തിൽ ശ്രദ്ധിച്ച്, ഒരു പാനയെഴുതുന്നതു് മുഖപ്രസംഗമെഴുതുന്നതുപോലെയോ, നിർവ്യാജം വ്യസനിക്കുന്നതുപോലെയോ ഒരു എളുപ്പപ്പണിയാണെന്നു ചിലർ വിചാരിക്കുന്നുണ്ടായിരിക്കും. (ഞാൻ “ചിലർ” എന്നേ പറയുന്നുള്ളു. നിങ്ങൾ സാക്ഷിയാണ്) സഞ്ജയൻ പോയ്ക്കളയുന്ന അത്യാപത്തിൽനിന്ന് പത്രികയെ രക്ഷിക്കുവാൻ (!!!—പത്രാധിപർ) ഒരൊറ്റ മാർഗ്ഗമേയുള്ളു. പത്രാധിപർ സഞ്ജയനോട്ട് മാപ്പു ചോദിക്കണം. അഞ്ചു മിനുട്ടുനേരം “നിർവ്യാജം വ്യസനിക്കു”ന്ന സമ്പ്രദായം സഞ്ജയനു കാണുകയും വേണം. അതിന്നുശേഷം അക്കാര്യം ആലോചിക്കാം.

അസംബ്ലിത്തിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്ക് വോട്ടർമാരെ കൊണ്ടുവരുവാൻ കാറുകൾ കിട്ടരുതെന്ന സിദ്ധാന്തത്തോടുകൂടി മറ്റെ പാർട്ടിക്കാർ സകല വാഹനങ്ങളെയും കരസ്ഥമാക്കുവാൻ ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടത്രെ. ഇതു കേട്ടപ്പോൾ അയൽവക്കുകാർക്കു നേരം പുലരരുതെന്ന ദുഷ്ടവിചാരത്തോടുകൂടി തന്റെ നെരിപ്പോടും കേഴിയുമെടുത്ത് കാട്ടുകയറിക്കളഞ്ഞ വൃദ്ധയെപ്പറ്റി മി: മൂർക്കോത്തു കുമാരൻ അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽപ്പറഞ്ഞ കഥയാണ് ഓർമ്മവന്നതു്. വോട്ടുകൾ ഒരു കക്ഷിക്കു കിട്ടി; വാഹനങ്ങൾ മറ്റേ കക്ഷിക്കും കിട്ടി. ചോറ് ഒരാളുടെ കയ്‌വശം, കോരിക എതിരാളിയുടെ കയ്യിൽ. പെട്ടി കട്ടുപോയപ്പോൾ സാരമില്ല; താക്കോൽ എന്റെ കയ്യിൽത്തന്നെയുണ്ട്. അതു തുറക്കാൻ കള്ളൻ ഇവിടെത്തന്നെ വരണ്ടേ?” എന്ന് ഒരു മഹാബുദ്ധിമാൻ ചോദിച്ചിരുന്നുപോലും. മറ്റെന്താണ് സഞ്ജയൻ ഇതിനെക്കുറിച്ചു പറയേണ്ടതു്?

* * *

കഴിഞ്ഞ ഞായറാഴ്ച ടൗൺഹാളിൽവെച്ചു മുനിസിപ്പാൽ കൗൺസിൽ മാനാഞ്ചിറ വെള്ളം ഒരു കമ്പനിക്കാർക്കു വിറ്റതിനെ പ്രതിഷേധിക്കുവാനായി ഒരു യോഗം കൂടുവാനാലോചിച്ചു. പക്ഷേ പ്രതിഷേധക്കാർ അവിടെ എത്തിയപ്പോഴേയ്ക്കും, പ്രതിഷേധക്കാരെ പ്രതിഷേധിക്കുവാൻ അവിടെ കുറേ ആളുകൾ ഹാജരായിക്കഴിഞ്ഞിരുന്നു. പ്രതിഷേധക്കാരെ ഒരക്ഷരം പോലും സംസാരിക്കാൻ അവർ സമ്മതിച്ചില്ല. ഒടുക്കം പ്രതിഷേധക്കാർ സ്വകാര്യമായി എവിടെയോ പോയി അവരുടെ പ്രതിഷേധം റിക്കാട്ടാക്കി. ഹാളിലുള്ളവർ പ്രസ്തുത വെള്ളം വില്പനയെ അനുകൂലിച്ചു കൊണ്ട് ഒരു പ്രമേയവും പാസ്സാക്കി.

ടൗൺഹാളിൽ നടന്ന ഈ സംഭവം യാദൃച്ഛികമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടായിരിക്കാം. എന്നാൽ അങ്ങനെയല്ല; അതിന്നിടയിൽ ഒരു രഹസ്യമുണ്ട്.

**പത്രാധിപർ:** എനിക്കു കേൾപ്പിക്കരുതോ രഹസ്യം?

**സഞ്ജയൻ:** തനിക്കു കേൾപ്പിക്കരുതായ്കയല്ല;

ഇനി ക്രമാലന്യജനം ഗ്രഹിച്ചാ–
ലെനിക്കു കുററം വരുമെന്നു ദോഷം.

**പ:** എന്നാൽ പറയേണ്ട. ഞങ്ങൾ എങ്ങനെയെങ്കിലും അറിഞ്ഞു കൊള്ളാം.

**സ:** ശരി. അതാണ് നല്ലതു്.

* * *

സഞ്ജയൻ ഈ സഭയിൽ ആദ്യം ഹാജരാകേണമെന്നു വിചാരിച്ചുവെങ്കിലും, സഞ്ജയനും ഒരു പ്രതിഷേധക്കാരനാണെന്നു കൗൺസിൽ വിചാരിച്ചേയ്ക്കുമെന്നു കരുതി പോകാതിരിക്കുകയാണ് ചെയ്തതു്. സഞ്ജയനും ഈ പ്രതിഷേധത്തെ പ്രതിഷേധിക്കുന്നു. കാരണം കേൾക്കുന്നതിന്നു മുമ്പ് ആരും നെറ്റി ചുളിക്കരുതു്.

* * *

ഈ പ്രതിഷേധക്കാർക്ക് വേറെ പണിയൊന്നുമില്ലേ?

മുനിസിപ്പാലിറ്റിയുടെ ഒരു അഭ്യുദയകാംക്ഷി—മഹായോഗ്യൻ—പാലുപോലത്തെ മനുഷ്യൻ—കണക്കുവിശാരദൻ—കോഴിക്കോട്ട് മുനിസിപ്പാലിറ്റിയുടെ സാമ്പത്തികക്കുഴപ്പം കണ്ട് സഹിക്കാതെ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചു അങ്ങനെയിരിക്കെ ബോധിവൃക്ഷത്തിന്റെ ചുവട്ടിലിരുന്ന ബുദ്ധനുണ്ടായതുപോലെ, അദ്ദേഹത്തിന്ന് ഒരുദയമുണ്ടായി. മാനാഞ്ചിറയിലെ വെള്ളം കരകവിഞ്ഞു വഴിഞ്ഞ്, പ്രവഹിച്ചു കടലിലേയ്ക്ക് ഒഴുകിപ്പോകുന്നതു് അദ്ദേഹം ഉൾക്കണ്ണുകൊണ്ടു കണ്ടു. “ഇതിന്റെ ഒരു ഭാഗം ആവശ്യമുള്ളവർക്കു വിൽക്കുന്നതു് എത്ര നന്നായിരിക്കും” എന്ന് അദ്ദേഹം ആലോചിച്ചു. അതുപ്രകാരം അദ്ദേഹം ഒരു പ്രവൃത്തിപദ്ധതിയെ രൂപീകരിച്ചു. (അങ്ങനെതന്നെയല്ലേ, സർ, പത്രഭാഷയിൽ പറയുക?)

* * *

അപ്പോഴേയ്ക്കും ആളുകൾക്ക് ആക്ഷേപമായി. ഒരൊറ്റ നല്ല കാര്യം ചെയ്‌വാൻ ഈ കോഴിക്കോട്ടുകാർ സമ്മതിക്കുകയില്ല. നിങ്ങൾ ഇങ്ങനെ ആക്ഷേപിച്ചു തുടങ്ങിയാൽ എങ്ങനെയാണ് ഭരണപരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുക? എനിയും നമ്മുടെ ധനസ്ഥിതി നന്നാക്കുവാൻ കൗൺസിൽ എന്തൊക്കെ ചെയ്‌വാൻ വിചാരിച്ചിട്ടുണ്ടെന്ന് ആരു കണ്ട്! ഒരു പക്ഷേ, മാനാഞ്ചിറത്തോട്ടത്തിലെ മരങ്ങൾ ഒരു വിറകുകാരന്ന് അവർ കോൺട്രാക്ട് കൊടുക്കുവാൻ ആലോചിക്കുമായിരിക്കാം: “നിഴലിന്നാണ് മരങ്ങൾ. വൈകുന്നേരമാണ് ആളുകൾ തോട്ടത്തിൽ പോയിരിക്കുക. വൈകുന്നേരത്തെ വെയിലിന്നു ചൂടില്ല; അതു് ആരോഗ്യപ്രദവുമാണ്. അതുകൊണ്ട് മരങ്ങൾ ആവശ്യമില്ല” എന്ന് അവർ കണ്ടുപിടിക്കുമായിരിക്കും.

മാനാഞ്ചിറ വെള്ളത്തിനെപ്പറ്റി ഇത്ര കൃത്യമായി കണക്കുകൂട്ടി, കിഴിച്ചു, പെരുക്കി,ഹരിച്ചു, മാസത്തിൽ 65ക. യും രണ്ടു ലക്ഷത്തി പതിനായിരം ഗാലൻ വെള്ളവും മുനിസിപ്പാലിറ്റിക്ക് ആദായമുണ്ടാകുമെന്നു കാണിച്ചുകൊടുത്ത അഗാധബുദ്ധികൾക്ക് ഇതൊന്നും സാധിക്കാത്ത കാര്യമല്ല. ഒരു സമയം വേണ്ടിവന്നാൽ, അവർ കോഴിക്കോട്ടു ബീച്ചിലെ കടൽക്കാറ്റുകൂടി വിറ്റുമാറുകയില്ലെന്ന് ആർക്കു പറയുവാൻ കഴിയും?

* * *

പക്ഷെ, അമ്മയെത്തല്ലിയാലും പക്ഷം രണ്ടുണ്ട്, എന്നല്ലേ പഴമൊഴി? പ്രതിഷേധക്കാർക്ക്, ഇതു പിടിച്ചിട്ടില്ല. “മാനാഞ്ചിറ വെള്ളത്തിന്നു പകരം കുറ്റിച്ചിറയിലേയും കണ്ടംകുളത്തിലേയും വെള്ളം എടുക്കാമത്രേ. അതു് ഏതു നിലയിലും ചെയ്തുകൂടേ? അതിന്നു കമ്പനിക്കാരുടെ സമ്മതം എന്തിനാണ്? കോരപ്പുഴയിലെ വെള്ളം കുടിക്കുവാൻ കോലത്തിരിയുടെ ശീട്ടുവേണോ? പണ്ട് ഒരു കമ്പനി മാനാഞ്ചിറ വെള്ളത്തിന്നു ചോദിച്ചപ്പോൾ

> ‘പല്ലും കടിച്ചലറിക്കൊണ്ടു കൌൺസിലും
> വേണ്ട, വേണ്ടെന്നുടൻ കമ്പനിയും തദാ’

പറഞ്ഞില്ലേ? ഇതെന്താണ് പുതിയ കൗൺസിലിന്റെ ആലോചനയ്ക്കു വിട്ടുകൊടുക്കാതിരുന്നതു? ഊർദ്ധ്വൻ വലിക്കുന്ന പഴയ കൌൺസിലിന്റെ വിരൽ മഷിയിൽമുക്കി ഈ ഒസ്യത്തിൽ വിരലടയാളം വെപ്പിച്ചതു് എന്തിനാണ്? ഈ കണക്കൊക്കെ പുതിയ കൌൺസിലിന്നു മനസ്സിലാവുകയില്ലേ? മാനാഞ്ചിറയിൽ വെള്ളം കെട്ടിനിന്നാൽ കൊതു വർദ്ധിക്കും പോലും! കൊതു വർദ്ധിക്കുന്നതു റോഡിന്നിരുവശവുമുള്ള ചളിച്ചാലുകളിൽനിന്നാണ്. ഇതൊക്കെ നിങ്ങൾ അറിയാഞ്ഞിട്ടാണോ എന്നൊക്കെയാണ് പ്രതിഷേധക്കാർ ചോദിക്കുന്നതു്.

* * *

ഇതൊന്നും കൊള്ളരുതു്, കൂട്ടരേ! “ഏറിയ നോമ്പു നോറ്റ് അശ്വത്ഥപ്രദക്ഷിണംകഴിച്ച് ഒരു കുട്ടി ജനിച്ചപ്പോൾ ‘അതിന്റെ അച്ഛനാരാണ്? നക്ഷത്രമെന്താണ്? എന്നൊക്കെ ചോദിക്കുവാൻ നിങ്ങൾക്കു ലജ്ജയില്ലേ?’ എന്ന് ഒരു പതിവ്രത ചോദിച്ചിരുന്നുപോലും. അതുപോലെ നാട്ടിന്ന് ഒരു നന്മ ചെയ്യുവാൻ ഒരാൾ പുറപ്പെടുമ്പോൾ, “അതിന്റെ ഉള്ളുകള്ളിയെന്താണ്? ആരാണതിന്റെ അടിയിൽ” എന്നൊക്കെ നിങ്ങൾ ചോദിക്കുന്നതിന്റെ അർത്ഥമെന്താണ്?

* * *

എന്തിനാണ് മറ്റുള്ളവരെ കുറ്റം പറയുന്നതു? നിങ്ങൾക്കിഷ്ടമില്ലാത്ത ഒരു പ്രമേയം നിങ്ങൾ തിരഞ്ഞെടുത്തയച്ചവർ പാസ്സാക്കിയതെങ്ങിനെയാണ്? ഇക്കാര്യങ്ങളൊക്കെ പണ്ട്—ആ വോട്ടു ലേലക്കാലത്ത്—ആലോചിക്കേണ്ടതായിരുന്നു.

> “ആകാത്ത നാളിൽപ്പിറന്ന നാം കാശിയ്ക്കു
> പോകാത്തതല്ലയോ കഷ്ടമെൻ വേടരേ?”

ഇപ്പോൾ ക്ഷോഭിക്കുന്നുപോലും! നിങ്ങളുടെ ആരുടേയും ശബ്ദം ഞങ്ങൾ കേൾക്കരുതു്. കൌൺസിലിനെസ്സംബന്ധിച്ചേടത്തോളം ഈ കണ്ണുകാണാത്ത രോഗത്തിന്ന് ഒരൌൺസ് പാന സഞ്ജയൻ തയാറാക്കീട്ടുണ്ട്. അതു് അത്താഴാനന്തരം കഴിച്ച്, ഈശ്വരവിചാരത്തോടുകൂടി കിടന്നുറങ്ങണം.

> പാടുണ്ടെന്നരുളീടുന്നതും ഭവാൻ
> പാടില്ലെന്നു വിലക്കുന്നതും ഭവാൻ
> രണ്ടുനാലാൾക്കു വേണ്ടുന്നതൊക്കെയും
> വേണ്ടുംപോലെ നടത്തുന്നതും ഭവാൻ
> പന്തിയല്ലിതെന്നോതുന്ന കൂട്ടരെ
> ച്ചന്തത്തിൽച്ചെണ്ടകൊട്ടിപ്പതും ഭവാൻ
> ആർക്കറിയാവു നിൻ മറിമായങ്ങ-
> ളോർക്കുംതോറും മഹാവിസ്മയാവഹം.”

ഭവാൻ, ഭവാൻ, എന്ന് ഇതിൽപ്പറഞ്ഞതു് ഈശ്വരനെപ്പറ്റിയാണ്. കുസൃതിക്കാർ വേണ്ടാത്ത വ്യഖ്യാനങ്ങളൊന്നും ഉണ്ടാക്കരുതു്.

7-11-’34

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്ന അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014